# Desabhimani

## 31 August 2018

## Kochi, After Flood, CM’s Flood relief Fund

### ഇടപ്പള്ളി വടക്കുംഭാഗം സഹ. ബാങ്ക് സംഭാവന നൽകി

**വൈറ്റില**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇടപ്പള്ളി വടക്കുംഭാഗം സർവീസ് സഹകരണ ബാങ്ക് 10,56,600 രൂപ നൽകി. ബാങ്കിന്റെ വിഹിതമായി 10 ലക്ഷവും ജീവനക്കാരുടെയും ഭരണസമിതി അംഗങ്ങളുടെയും വിഹിതമായി 56,600 രൂപയുമാണ് നൽകിയത്.

ബാങ്കിൽനിന്ന് വായ്പ എടുത്തിട്ടുള്ള പ്രളയബാധിതരായ അംഗങ്ങൾക്ക് ഒരു മാസത്തെ പലിശ ഇളവ് അനുവദിക്കുമെന്ന് പ്രസിഡന്റ് എ ജെ ഇഗ്നേഷ്യസ് പറഞ്ഞു.

### അരലക്ഷം നൽകി

**കൊച്ചി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മഹാരാജാസ് കോളേജ് ഗവേണിങ് കൗൺസിൽ ചെയർമാൻ പ്രൊഫ. പി കെ രവീന്ദ്രൻ പെൻഷൻ തുകയിൽനിന്ന് 50,000 രൂപ നൽകി.